അടിസ്ഥാനത്തിൽ പുളിങ്കുടിയിൽ പ്രവർത്തിക്കുന്ന എ. ആർ. ക്യാമ്പിലെ രണ്ട് പ്ലാറ്റൂണുകൾ വേർപെടുത്തി നെയ്യാറ്റിൻകര പോലീസ് കോംപ്ലക്സിൽ ഒരു ഡിറ്റാച്ച്മെന്റ് ക്യാമ്പ് സ്ഥാപിക്കുന്നതിന് 10-2-2014-ൽ ഞാൻ തന്നെ ഉത്തരവുനല്കിയിട്ടുള്ളതാണ്. അതിയന്നൂരിൽ ഒരു പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശം. ഔട്ട് പോസ്റ്റ് ആരംഭിക്കാൻ പറ്റില്ല, ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് സമ്മതമാണെങ്കിൽ ഒരു എയ്ഡ് പോസ്റ്റ് (കൂടുതൽ സ്റ്റാഫ് ഇല്ലാതെ) അനുവദിക്കാവുന്നതാണ്. അതിയന്നൂരിൽ അക്രമം കൂടുതലാണെന്നുള്ള അഭിപ്രായം എനിക്കില്ല. അങ്ങേക്കും അറിയാവുന്നതാണ്, അതിയന്നൂർ നല്ല പ്രദേശമാണ്. ഒരു എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പറുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.

(2) വാഹനാപകടം ഒഴിവാക്കുന്നതിന് നടപടി

ശ്രീ. ടി. എൻ. പ്രതാപൻ : സർ, നേരത്തെ ബഹുമാനപ്പെട്ട ചീഫ് വിപ്പ് ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിൽ പറഞ്ഞതുപോലെ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങളുടെ ഭാഗമായി ദേശീയപാത 17-ൽ കൊടുങ്ങല്ലൂരിലെ ബൈപ്പാസ് റോഡ് മൂന്നര കിലോമീറ്റർ ഉദ്ഘാടനം പൂർത്തിയാക്കിയ സ്ഥലത്ത് വലിയ അപകടങ്ങൾ ഉണ്ടാവുകയാണ്. അതിന്റെ ഉദ്ഘാടനം കഴിഞ്ഞ് 15 മാസത്തിനുള്ളിൽ 15 പേരാണ് അവിടെ മരണപ്പെട്ടത്. കഴിഞ്ഞ ഏതാനും ആഴ്ചകൾക്കുള്ളിൽ തുടർച്ചയായി മൂന്നു മരണങ്ങളുണ്ടായി. എൻ.എച്ച്-17-ൽ ഇരുവശവും സ്മെയിറ്റായ ഒരു ഭാഗം ഉണ്ടാകാനിടയില്ല. ഇതിനുമുൻപുണ്ടായ നിരവധി അപകടങ്ങളുടെ അടിസ്ഥാനത്തിൽ റോഡ് സുരക്ഷാ ഉദ്യോഗസ്ഥന്മാരെല്ലാം അവിടെ വരികയുണ്ടായി. എന്റെ അഭ്യർത്ഥന കൂടി കണക്കിലെടുത്ത് ടോമിൻ തച്ചങ്കരി, ഐ.പി.എസ്. ഉൾപ്പെടെയുള്ളവർ നേരിട്ടുവന്ന് അവിടെ പരിശോധനകളൊക്കെ നടത്തുകയും നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയുമുണ്ടായി. എങ്കിലും ഇതിനകത്ത് കാര്യമായ നടപടിക്രമങ്ങളൊന്നും പൂർത്തിയായിട്ടില്ല. ഇത് വലിയൊരു ജനകീയ പ്രശ്നമായി മാറിയിരിക്കുകയാണ്. അതുകൊണ്ട് അവിടെ നിരന്തരമായി ഉണ്ടാകുന്ന റോഡപകടങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഒരു ഉന്നതതല സമിതിയെ നിയമിക്കണം. അതുസംബന്ധിച്ച് പഠനം നടത്തണം. കൂടാതെ റോഡപകടങ്ങൾ ഒഴിവാക്കാൻവേണ്ടിയുള്ള അടിയന്തര നടപടിയുണ്ടാകണം. ഈ കാര്യത്തിൽ സത്വരമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങ് ഇവിടെ പറഞ്ഞതുപോലെ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ റോഡ് സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് റഡാർ സർവ്വെയ്ലൻസ് സിസ്റ്റം ഉപയോഗിച്ച് അമിതവേഗം, ചുവപ്പ് ലൈറ്റ് ലംഘനം കണ്ടുപിടിക്കൽ തുടങ്ങിയ നടപടികൾ നടത്തുന്നുണ്ട്. സ്പീഡ് ലിമിറ്റ് എത്രയാണെന്ന് ബോർഡ് അവിടെ വച്ചിട്ടുണ്ട് എന്നാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്. ഈയടുത്ത കാലത്താണ് ട്രാൻസ്പോർട്ട് കമ്മീഷണർ അവിടെ സന്ദർശിച്ചതെന്നാണ് ഞാൻ മനസ്സിലാക്കിയത്. ട്രാൻസ്പോർട്ട് കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചശേഷം സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി ചെയ്യാവുന്ന എല്ലാകാര്യങ്ങളും അങ്ങുമായി ആലോചിച്ച് നിർവ്വഹിക്കുന്നതാണ്. ഇവിടെ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ടു പോകും. അവിടത്തെ റോഡ് സുരക്ഷാ ജോലികൾക്കായി റോഡ് സുരക്ഷാഫണ്ടിൽ നിന്ന് 33,40,234 രൂപ അനുവദിച്ചിട്ടുണ്ട്. ആ തുക ഉപയോഗിച്ച് അങ്ങ് നിർദ്ദേശിക്കുന്ന മറ്റു നടപടികൾ കൂടി സ്വീകരിക്കാം.

(3) സൗജന്യ കൊളോസ്റ്റമി കിറ്റ് വിതരണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, എന്റെ നിയോജക മണ്ഡലത്തെ ബാധിക്കുന്ന ഏതെങ്കിലും ഒരു പ്രത്യേക വിഷയമല്ല ഈ സബ്മിഷനിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. നമ്മുടെയെല്ലാവരുടെയും സഹതാപവും അനുകമ്പയും അർഹിക്കുന്ന ഗൗരവമേറിയ ഒരു വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. ദുരിതങ്ങളുടെ മാറാപ്പു ചുമക്കുന്ന പരശതം ആളുകൾക്ക് റിലീഫ് നല്കുന്ന ഒരു പ്രഖ്യാപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഞാൻ പ്രത്യാശിക്കുകയാണ്. വൻകുടലിൽ ക്യാൻസർ ബാധിച്ചവർക്ക് കൊളോസ്റ്റമി കിറ്റുകൾ സൗജന്യമായി നല്കണമെന്നുള്ളതാണ് എന്റെ ആവശ്യം. വൻകുടലിന്റെ ചില ഭാഗങ്ങളിൽ ക്യാൻസർ ബാധിക്കുമ്പോൾ മലം പുറത്തുപോകാൻ പ്രത്യേകമായി ഉണ്ടാക്കുന്ന ഒരു സംവിധാനമാണ് കൊളോസ്റ്റമി. ഉദരഭിത്തിയുടെ കീഴ്ഭാഗത്ത് ദ്വാരമുണ്ടാക്കി കുടലിന്റെ ഒരു ഭാഗം പുറത്തേക്ക് തുറക്കുന്നു. അതിലൂടെ വരുന്ന മലം പ്രത്യേകമായി സംവിധാനം ചെയ്ത ചെറിയ പ്ലാസ്റ്റിക് ബാഗിൽ ശേഖരിക്കപ്പെടുന്നു. ഇതാണ് കൊളോസ്റ്റമി എന്നു പറയുന്നത്. വൻകുടലിലും മലാശയത്തിലും ക്യാൻസർ ബാധിച്ച രോഗികളിൽ ഭൂരിഭാഗം പേർക്കും ആജീവനാന്തം കൊളോസ്റ്റമി വഴി മലം പുറത്തു കളയേണ്ടിവരുന്നു. രോഗം മാറിയാലും ജീവിതകാലം മുഴുവൻ ശരീരത്തിൽ കൊളോസ്റ്റമി ബാഗും വച്ചു